**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2039** **09-12-2022 - ൽ മറുപടിയ്ക്ക്**

**തടവുകാരുടെ കുടുംബാംഗങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തടവുകാരുടെ കുടുംബാംഗങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | തടവുകാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി വകുപ്പ് വഴി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>**1. തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം**<br><br>കുടുംബനാഥൻ ജയിലിൽ കഴിയുന്നതു മൂലം വനിതകൾ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും വനിത തടവുകാരുടെ കുട്ടികൾക്കും വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി. കുട്ടികളുടെ ആഹാരം, വസ്ത്രം, സ്കൂൾഫീസ് തുടങ്ങിയ ചെലവുകൾക്കായി തുക അനുവദിച്ച് വരുന്നു.<br><br>അഞ്ച് വയസ്സിന് താഴയുള്ള കുഞ്ഞുങ്ങൾക്കും ഒന്നു മുതൽ നാല്ല വരെ ക്ലാസിലുള്ള കുട്ടികൾക്കും 300/- രൂപയും, അഞ്ച് മുതൽ പത്ത് വരെ ക്ലാസിലുള്ള കുട്ടികൾക്ക് 500/- രൂപയും +1, +2 ക്ലാസുകളിലെ കുട്ടികൾക്ക് 750/- രൂപയും സർക്കാർ /എയ്ഡഡ് കോളേജുകളിൽ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് 1000/- രൂപയും ബിരുദാനന്തര ബിരുദം/എംഫിൽ കോഴ്സുകൾക്ക് 1500/- രൂപ വീതവും പ്രതിമാസ തുക അനുവദിക്കുന്നുണ്ട്.<br><br>**2. തടവുകാരുടെ മക്കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള ധനസഹായം.**<br><br>ജീവപര്യന്തം/ വധശിക്ഷ എന്നീ ശിക്ഷകൾ വിധിക്കപ്പെട്ട ജയിൽ തടവുകാരുടെ കുട്ടികൾക്ക് സംസ്ഥാനത്തിന് അകത്തുള്ള സർക്കാർ എയ്ഡഡ് കോളേജുകളിൽ ഡിഗ്രി തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട് . ജയിൽ തടവുകാരുടെ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി |

| | | | |
|---|---|---|---|
| | | | ഒറ്റത്തവണയായി പരാമാവധി 1 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.<br><br>**3. <u>തടവുകാരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ ധനസഹായ പദ്ധതി</u>**<br><br>ദീർഘകാലമായി ജയിൽ ശിക്ഷ അനുഭവിക്കുന്ന കുറ്റവാളികളുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഒറ്റത്തവണയായി 30,000/- രൂപ ധനസഹായം നൽകുന്നുണ്ട്.<br><br>**4. <u>തടവുകാരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം</u>**<br><br>നിലവിൽ രണ്ടു വർഷമോ അതിലധികമോ കാലം ജയിൽ ശിക്ഷ അനുഭവിച്ചു വരുന്ന തടവുകാരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി. ഒരു പെൺകുട്ടിക്ക് പരമാവധി 30,000/- രൂപ വരെ ലഭ്യമാക്കുന്നു. |
| (ബി) | പ്രൊബേഷൻ തടവുകാരുടെ മേഖലയിൽ വകുപ്പ് നടത്തുന്ന ഇടപെടലുകൾ സംബന്ധിച്ചുള്ള വിശദാംശം അറിയിക്കുമോ? | (ബി) | പ്രൊബേഷൻ തടവുകാരുടെ ക്ഷേമത്തിനായി വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**1. <u>നേർവഴി പദ്ധതി</u>**<br><br>കേരളത്തിൽ പ്രൊബേഷൻ സമ്പ്രദായം ആധുനികവൽക്കരിച്ച് ശക്തിപ്പെടുത്തുന്നതിന് സാമൂഹ്യനീതി വകുപ്പ് വഴി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് നേർവഴി. 18 മുതൽ 25 വയസ്സുവരെയുള്ള ആദ്യ കുറ്റവാളികളിൽ സാമൂഹ്യമന:ശാസ്ത്ര ഇടപെടൽ നടത്തി വീണ്ടും കേസ്സിൽ പെടാതെ നോക്കുകയും സമഗ്രമായ പരിവർത്തനത്തിന് വിധേയമാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി മേൽ നോട്ടത്തിനായി എല്ലാ ജില്ലാ പ്രൊബേഷൻ ഓഫീസുകളിലും പ്രൊബേഷൻ ഓഫീസറുടെ കീഴിൽ പ്രൊബേഷൻ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ട്.<br><br>**2. <u>തണലിടം പ്രൊബേഷൻ ഹോം</u>**<br><br>കുടുംബമോ, ബന്ധു മിത്രാദികളോ ഏറ്റെടുക്കാൻ തയ്യാറാകാത്ത പ്രൊബേഷണർമാർ, മുൻതടവുകാർ, കേസിൽ പെട്ട് താമസിക്കാൻ ഇടമില്ലാതെ വിചാരണ നേരിടുന്നവർ, ജയിലിൽ നിന്നും വിവിധ അവധികൾക്കായി പുറത്തിറങ്ങുന്നവർ തുടങ്ങിയവരെ സമൂഹത്തിലേയ്ക്ക് പുനരധിവസിപ്പിക്കാൻ സാധിക്കുന്നത് വരെ താമസിപ്പിക്കുന്നതിനു വേണ്ടിയുള്ള ഇടക്കാല |

| | | | |
|---|---|---|---|
| | | | സംരക്ഷണ കേന്ദ്രമാണ് പ്രൊബേഷൻ ഹോം. കൊല്ലം ജില്ലയിലെ വാളകത്ത് പുരുഷൻമാർക്കായി തണലിടം എന്ന പേരിൽ പ്രൊബേഷൻ ഹോം പ്രവർത്തിച്ചു വരുന്നു.<br><br>**3. <u>മുൻതടവുകാർ, പ്രൊബേഷണർമാർ എന്നിവർക്കുള്ള സ്വയംതൊഴിൽ ധനസഹായം</u>**<br><br>ദരിദ്രമായ സാമ്പത്തിക സാഹചര്യങ്ങളിൽ നിന്നുള്ള കുറ്റവാളികൾ, മേൽനോട്ടത്തിന് വിധേയമാക്കി വച്ചിരിക്കുന്ന കുറ്റവാളികൾ എന്നിവരുടെ സാമൂഹിക പുനരധിവാസത്തിന്റെ ഭാഗമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് 15,000/- രൂപ ധനസഹായം നൽകുന്നു. |

സെക്ഷൻ ഓഫീസർ